(ബി) ഓരോ വകുപ്പിലും ഇക്കാര്യത്തിലുണ്ടായ പുരോഗതി ഉന്നതതല കമ്മിറ്റി പരിശോധിച്ചു വിലയിരുത്തുന്നുണ്ട്. ഓരോ വകുപ്പിലും ഇക്കാര്യത്തിലുണ്ടായ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നടക്കുന്ന കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഐ. ടി. വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. 10 ലക്ഷത്തിലധികം ചിലവ് വരുന്ന ഡിപ്പാർട്ടുമെന്റൽ കമ്പ്യൂട്ടറൈസേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനുമുമ്പ് ഐ. ടി. വകുപ്പിന്റെ മുൻകൂർ അനുമതി തേടണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ പദ്ധതിയുടെ സഹായത്തോടുകൂടി കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനുമുള്ള പദ്ധതി പുരോഗമിച്ചുവരുന്നു.

(ഡി) വിവിധ വകുപ്പുകളിൽ വാങ്ങുന്ന കമ്പ്യൂട്ടർ ഹാർഡ്വെയറുകൾക്ക് കോൺഫിഗറേഷൻ സ്പെസിഫിക്കേഷൻ ഐ. ടി. വകുപ്പിൽ നിന്നും നിഷ്ക്കർഷിച്ചിട്ടില്ല. എന്നാൽ വിവര വിനിമയ സാങ്കേതിക രംഗത്ത് പ്രാഗൽഭ്യമുള്ള കേന്ദ്ര സംസ്ഥാന ഏജൻസികളെ ഐ. ടി. വകുപ്പ് ടോട്ടൽ സൊലൂഷ്യൻ പ്രൊവൈഡേഴ്സ് (ടി. എസ്. പി.) ആയി നിയമിച്ചിട്ടുണ്ട്. ടി. എസ്. പി. മുഖാന്തിരം കമ്പ്യൂട്ടറൈസേഷൻ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഹാർഡ്വെയറുകളുടെ നിലവാര തകർച്ച ഉണ്ടാവുകയില്ല.

(ഇ) ഇ-ഗവേർണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സെക്രട്ടറിയേറ്റും ജില്ലാ കളക്ടറേറ്റുകളും പബ്ലിക് ആഫീസിനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സെക്രട്ടറിയേറ്റ് 'വൈഡ് ഏരിയ നെറ്റ് വർക്ക്' (S-WAN) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ജീവനക്കാർക്ക് കെൽട്രോൺ മുഖേന 'ബേസിക് ഓഫീസ് ഓട്ടോമേഷൻ', 'ഫയൽ ഫ്ളോ മാനേജ്മെന്റ്', 'മലയാളം-വേർഡ് പ്രൊസസ്സിംഗ്' എന്നീ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്ന മറ്റു വകുപ്പുകളിലെ ജീവനക്കാർക്ക് അതാതു വകുപ്പുകളാണ് പരിശീലനം നൽകുന്നത്. ഇതിന്റെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ഹജ്ജ് തീർത്ഥാടകർക്ക് സബ്സിഡി

34 [1336] ഡോ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് തീർത്ഥാടകർക്കുള്ള സബ്സിഡി കേന്ദ്ര ഗവൺമെന്റ് നിർത്തൽ ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് പുനരാരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സമ്മർദ്ദം ചെലത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹജ്ജ് തീർത്ഥാടകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നൽകിവരുന്നതെന്നും എന്തെല്ലാം സൗകര്യങ്ങൾ പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹജ്ജ് തീർത്ഥാടകർക്കുള്ള സബ്സിഡി കഴിഞ്ഞവർഷം മുതൽ ഭാഗികമായി നിർത്തൽ ചെയ്തിട്ടുണ്ട്. ഇൻകം ടാക്സ് നൽകുന്നവർക്കും നേരത്തെ ഹജ്ജ് കർമ്മം നിർവ്വഹിച്ചവർക്കും ഹജ്ജ് വേളയിൽ സൗദി അറേബ്യയിൽ ബന്ധുക്കളോടൊപ്പം താമസിക്കുന്നവർക്കുമാണ് കഴിഞ്ഞ വർഷം മുതൽ ഇപ്രകാരം സബ്സിഡി നിർത്തൽ ചെയ്തിട്ടുള്ളത്.

(ബി) എല്ലാ വിഭാഗം ഹാജിമാർക്കും ഹജ്ജ് സബ്സിഡി പുനരാരംഭിക്കുന്നതിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഹജ്ജ് തീർത്ഥാടകർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകിവരുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകൾ കോഴിക്കോട് എയർപോർട്ടിനു സമീപം സംഘടിപ്പിക്കുന്ന ഹജ്ജ് ക്യാമ്പിൽവച്ചുതന്നെ ഹാജിമാരുടെ കസ്റ്റംസ് എമിഗ്രേഷൻ പരിശോധനകൾ നടത്തുകയും ഹാജിമാരുടെ യാത്ര സുഗമമാക്കുവാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തുവരുന്നുണ്ട്. കരിപ്പൂർ വിമാനത്താവളത്തിനു സമീപം സ്ഥിരം ക്യാമ്പ് ഒരുക്കുന്നതിനുവേണ്ടി ഹജ്ജ് ഹൗസ് പണിയുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ഹാജിമാർക്ക് മീനായിൽ പരമ്പരാഗത അതിർത്തിക്കുള്ളിൽ താമസിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുവാൻ സൗദി സർക്കാരുമായി ധാരണയിലെത്തിയിട്ടുണ്ട്.

തൊഴിൽ തർക്കങ്ങളും നഷ്ടപ്പെട്ട മനുഷ്യദിവസങ്ങളും

35 [1337] ശ്രീ. എം. മുരളി:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എം. പി. ഗംഗാധരൻ:
,, കെ. എ. ചന്ദ്രൻ:
,, എ. പി. അനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്രതിവർഷം എത്ര തൊഴിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) അവയിൽ എത്രയെണ്ണം ഒത്തുതീർക്കാൻ കഴിഞ്ഞു;

(സി) എത്രയെണ്ണം തൊഴിൽ സമരത്തിൽ കലാശിച്ചു;

(ഡി) ഈ കാലയളവിൽ തൊഴിൽ സമരംമൂലം എത്ര മനുഷ്യദിവസങ്ങൾ നഷ്ടപ്പെട്ടു;

LIBRARY ARCHIVES Kerala Legislative Assembly